**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **11-03-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിപ്പുഴ ഇരുമ്പുപാലത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിൽ കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ നെല്ലിപ്പുഴക്ക് കുറുകെ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച ഇരുമ്പുപാലം തുരുമ്പെടുത്തും കാടുപിടിച്ചും നശിയ്ക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നെല്ലിപ്പുഴ പാലം സംരക്ഷിത സ്മാരകമാക്കി മാറ്റുന്നതിന്റെ ഭാഗമായി പാലത്തിന് പെയിന്റ് അടിച്ചും, ടൈൽസ് വിരിച്ചും, ഇരുപ്പിടങ്ങൾ ക്രമീകരിച്ചും, ലൈറ്റുകളും ചെടികളും വെച്ച് അലങ്കരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിക്കുന്നതിനായി പൊതുമരാമത്ത് ദേശീയപാത വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും NHAI പാലക്കാടിന് 04/06/2024 – ന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | നെല്ലിപ്പുഴ പാലം സംരക്ഷിത സ്മാരകമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | പാലം മോടി പിടിപ്പിച്ച് ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും പരിപാലനത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | NHAI പാലക്കാട് നിന്നും നിരാക്ഷേപ പത്രം അനുവദിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ